# പതിമൂന്നാം കേരള നിയമസഭ

# രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **30.09.2011 ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 1277**

## <u>കാർഷിക ഗ്രാമ വികസന ബാങ്കിന്റെ ഭരണസമിതി യോഗങ്ങൾ</u>

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതല ഇപ്പോൾ ആർക്കാണ്; | (എ) സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതല ഇപ്പോൾ വഹിക്കുന്നത് ശ്രീ. കെ. രാമചന്ദ്രൻ ഐ.എ.എസ്. ആണ്. |
| (ബി) പുതിയ സർക്കാർ അധികാരമേറ്റ ശേഷം ബാങ്ക് ഭരണ സമിതി എത്രതവണ യോഗം ചേരുകയുണ്ടായി; | (ബി) മൂന്നു തവണ |
| (സി) ബാങ്ക് പ്രസിഡന്റിന്റെ അറിവില്ലാതെ ചുമതലയിലുള്ള എം.ഡി. ഭരണ സമിതി യോഗങ്ങൾ വിളിച്ച് ചേർത്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തീയതിയിൽ എന്നും പ്രസിഡന്റിന്റെ അറിവോടുകൂടി അല്ലാതെ, ഏതെങ്കിലും ഭരണ സമിതി യോഗത്തിന്റെ അജണ്ട തയ്യാക്കുകയുണ്ടായോ എന്നും അറിയിക്കുമോ; | (സി) ബാങ്ക് പ്രസിഡന്റിന്റെ അറിവില്ലാതെ ചുമതലയിലുള്ള എം.ഡി. ഭരണ സമിതി യോഗങ്ങൾ വിളിച്ച് ചേർത്തിട്ടില്ല. |
| (ഡി) നിയമാനുസൃതമല്ലാതെ സഹകരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി നടത്തിയതായി ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾ സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്തുമോ? | (ഡി) സഹകരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി നിയമാനുസരണമല്ലാതെ നടപടി നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ